റിറ്റിയുടെ സബ്ഡിവിഷൻ ആഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുക, (5) ആയൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പുതിയ ടാങ്ക് ഉൾപ്പെടെയുള്ള പുനരുദ്ധാരണ പണികൾ തീർത്ത് ജലവിതരണം സുഗമമാക്കുക., (6) അടയമൺ ശുദ്ധ ജലവിതരണ പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക, (7) കുളത്തുപ്പുഴ പഞ്ചായത്തിലെ കടമാൻകോട് പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക., (8) കുളത്തുപ്പുഴ പഞ്ചായത്തിലെ വടക്കേചെറുകര പദ്ധതിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിച്ച് ശുദ്ധജലവിതരണം പുനരാരംഭിക്കുക, (9) കുളത്തുപ്പുഴ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്കു വേണ്ടി പുതിയതായി കണ്ടെത്തിയ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് നൽകുക (10) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചൽ ശുദ്ധജലവിതരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുക.

(ഇ) 1. മൂസാവരിക്കുന്നിൽ പുതിയ കരാർ ഉറപ്പിച്ചു. ഇപ്പോൾ 90% പണി പൂർത്തികരിച്ചു. (2) വിളക്കുവെട്ടം ഭാഗത്തെ പൈപ്പുകളുടെ കേടുപാടുകൾ പരിഹരിച്ച് ശുദ്ധജലവിതരണം നടത്തിവരുന്നു. (3) കല്ലടയാറിനു കുറുകെ സ്ഥാപിക്കുന്ന 450 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് ലൈനിന്റെ പണിയുടെ ആദ്യകരാറുകാരനെ മാറ്റി പുതിയ കരാർ ഏൽപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. (4) പുനലൂർ കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ സബ്ഡിവിഷൻ ഓഫീസ് ആരംഭിക്കേണ്ടുന്ന പ്രൊപ്പോസൽ തയ്യാറായി വരുന്നു. (5) ആയൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പണികൾ പൂർത്തിയാക്കി ജലവിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. (6) അടയമൺ ശുദ്ധ ജലവിതരണ പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പണിയുടെ ദർഘാസ് ക്ഷണിച്ചു. പൈപ്പ് ലഭിക്കുന്ന മുറക്ക് പണി പൂർത്തിയാക്കും. (7) കടമാൻകോട് പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ പൈപ്പുകൾ ലഭ്യമാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. പൈപ്പ് ലഭിക്കുന്ന മുറക്ക് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതാണ്. (8) വടക്കേ ചെറുകര പദ്ധതിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക പ്രയാസമായതിനാൽ ഒരു സോളാർ പമ്പ് സെറ്റ് സ്ഥാപിച്ച് ശുദ്ധജലവിതരണം പുന:സ്ഥാപിക്കുവാൻ നടപടി എടുത്തിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കും. (9) കുളത്തുപ്പുഴ ശുദ്ധജലവിതരണ പദ്ധതിക്കാവശ്യമായ സ്ഥലം പഞ്ചായത്ത് ഇനിയും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. (10) അഞ്ചൽ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ ചില വ്യതിയാനങ്ങൾ ആവശ്യമായതിനാൽ മാറ്റങ്ങൾ വരുത്തി തയ്യാറാക്കി വരുന്നു.

(എഫ്) മൂസാവരിക്കുന്ന് ശുദ്ധജല വിതരണ പദ്ധതി 2000-മാണ്ട് മാർച്ച് മാസം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

19 (1827) ആവികര ജലവിതരണ പദ്ധതിയോടനുബന്ധിച്ചുള്ള റഗുലേറ്റർ നിർമ്മാണം

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കാസർഗോട് ആവികര ജലവിതരണ പദ്ധതിയോടനുബന്ധിച്ചുള്ള റഗുലേറ്റർ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് ജലസേചന വകുപ്പും ജലവിതരണ വകുപ്പും തമ്മിലുള്ള ധാരണ പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യത്തിനായി ഫ്രഞ്ച് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്ക് 1996 ഷെഡ്യൂൾ പ്രകാരം 243 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, പ്രോജക്ട് റിപ്പോർട്ടും പരിഗണനയിലാണ്. ഫ്രഞ്ച് സാമ്പത്തിക സഹായം കിട്ടുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി) ഇരു വകുപ്പുകളുടേയും പദ്ധതിവിഹിതം സംബന്ധിച്ച് ഒരു ധാരണയിൽ എത്തിയിട്ടില്ല.

(ഡി) എത്രയും വേഗം പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കുന്നതാണ്.

20 (1830) കല്ലറ പാങ്ങോട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കല്ലറ-പാങ്ങോട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ വേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ പദ്ധതിക്കാവശ്യമായ ഭൂതലജലസംഭരണിയുടെ പണികൾ നടന്നു വരുന്നു. ജലശുദ്ധീകരണശാലയുടേയും ഇൻടേൽവെല്ലിന്റേയും ദർഘാസുകൾ ക്ഷണിച്ചു. പദ്ധതിക്കാവശ്യമായ 20724 മീറ്റർ വിവിധ ഇനം പൈപ്പുകൾ വാങ്ങി. ബാക്കി പൈപ്പുകൾ 2000-2001 വർഷത്തിൽ വാങ്ങിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

21 (1831) പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീമിന്റെ കൺസൾട്ടിംഗ് ഏജൻസിയായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly